# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 561 — 09/07/2012 ൽ മറുപടിക്ക്

## കേന്ദ്ര സർക്കാരിന്റെ ഏരിയാ ഇന്റൻസീവ് ഡെവലപ്പ്മെന്റ് പ്രോഗ്രാം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ :<br>ഡോ. കെ.ടി. ജലീൽ :<br>ശ്രീ. എ. പ്രദീപ്കുമാർ :<br>" കെ. വി. അബ്ദുൾ ഖാദർ: | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) കേന്ദ്രസർക്കാരിന്റെ ഏരിയാ ഇന്റൻസീവ് ഡെവലപ്പ്മെന്റ് പ്രോഗ്രാം അനുസരിച്ച് സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ട സ്കൂളുകളുടെ ഭാവി പ്രവർത്തനം സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ; ഈ സ്കൂളുകളുടെ പ്രവർത്തനവും ആവശ്യകതയും സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; പഠന റിപ്പോർട്ട് ലഭ്യമാക്കാമോ ; | എ) പ്രധാനമായും ന്യൂനപക്ഷങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുക എന്ന ഉദ്ദേശത്തോടെയാണ് കേന്ദ്രസർക്കാർ ഏരിയ ഇന്റൻസീവ് പ്രോഗ്രാം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഏരിയാ ഇന്റൻസീവ് പ്രോഗ്രാം പ്രകാരം പ്രവർത്തിച്ചുവരുന്ന, സ്കൂളുകളുടെ കാര്യത്തിൽ എന്ത് നിലപാട് സ്വീകരിക്കണമെന്നത് സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിച്ചുവരുകയാണ്. ഈ സ്കൂളുകളുടെ പ്രവർത്തനവും ആവശ്യകതയും സംബന്ധിച്ച് പഠനങ്ങൾ നടന്നിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ നടത്തിപ്പും ആവശ്യകതയും സംബന്ധിച്ച് പ്രമീളാമേനോൻ കമ്മിറ്റിയുടെ നിഗമനങ്ങൾ പുറത്തുവന്നിട്ടുണ്ട്. ആ ശുപാർശയിന്മേലാണ് അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങൾ നല്കിയത്. അധ്യാപക ശമ്പളം മാത്രം നൽകാൻ 2003 വരെ തീരുമാനമുണ്ടായില്ല. പിന്നീടു എയ്ഡഡ് പദവി നൽകുമ്പോൾ വരുന്ന സാമ്പത്തിക ബാധ്യതകണക്കാക്കാൻ ഡിഡിഇമാർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതുപ്രകാരം വിശദമായ പഠന റിപ്പോർട്ടിൽ 35 സ്ഥാപനങ്ങളിൽ മലപ്പുറം ജില്ലയിലെ രണ്ടെണ്ണം ഒഴികെ മറ്റെല്ലാം അക്കാദമിക നിലവാരം പുലർത്തുന്നുവെന്നു 2007 |

(.......2)

ൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ബി) കേന്ദ്ര സർക്കാർ ഈ പ്രോഗ്രാമിൻ കീഴിൽ കേരളത്തിലെ നോൺ ഗവൺമെന്റ് ഓർഗനൈസേഷനുകൾക്ക് ഓരോന്നിനും നാളിതുവരെ വിവിധ ഇനത്തിൽ നൽകിയ ഗ്രാന്റുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; അല്ലാതെ ലഭിച്ച സഹായങ്ങളുടെ കണക്കുകൾ ലഭ്യമാക്കാമോ ;

ബി) ഈ പദ്ധതി പ്രകാരം One time grant ആയി 1,99,08,000/- രൂപയുടെ ധനസഹായം വിവിധ നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകൾക്കും നൽകിയിട്ടുണ്ട്. ലോവർ പ്രൈമറി സ്കൂളുകൾക്ക് 3,60,000/- രൂപയും അപ്പർ പ്രൈമറി സ്കൂളുകൾക്ക് 2,88,000/- രൂപയും ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് 15,00,000/- രൂപയും വീതമാണ് നൽകിയത്.

സി) ഓർഗനൈസേഷൻ നടത്തിവരുന്ന ഓരോ സ്കൂളിലും എത്ര അദ്ധ്യാപക- അദ്ധ്യാപകേതര ജീവനക്കാരുണ്ടെന്നും ഇപ്പോൾ ഏതെല്ലാം ഡിവിഷനുകളിൽ എത്ര വീതം വിദ്യാർത്ഥികളാണെന്നതടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

സി) എ.ഐ.പി പദ്ധതി പ്രകാരം അഞ്ചു ജില്ലകളിലെ 28 പ്രൈമറി, അപ്പർ പ്രൈമറി, സെക്കണ്ടറി സ്കൂളുകളിലായി 173 അദ്ധ്യാപകരും 7 അനദ്ധ്യാപകരും അഞ്ച് ഹയർ സെക്കണ്ടറി സ്കൂളുകളിലായി 39 അദ്ധ്യാപകരും 17 അനദ്ധ്യാപകരും ചേർന്ന് ആകെ 236 ജീവനക്കാരുണ്ട്. പ്രൈമറി, അപ്പർപ്രൈമറി, സെക്കണ്ടറി തലം വരെ 7891 കുട്ടികളും ഹയർ സെക്കണ്ടറി തലത്തിൽ 1052 വിദ്യാർത്ഥികളും ചേർന്ന് ആകെ 8943 വിദ്യാർത്ഥികളാണുള്ളത്.

ഡി) കേന്ദ്ര സഹായം അവസാനിക്കുമ്പോൾ ഈ ഇൻസ്റ്റിറ്റ്യൂഷനുകളുടെ ഭാവി സംബന്ധിച്ച് പ്രോഗ്രാം അനുശാസിക്കുന്നത് എന്താണ് ; കേന്ദ്രഗവൺമെൻറ് എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നുവോ ?

ഡി) എ.ഐ.പി. സ്കൂളുകളുടെ ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങളൊന്നും കേന്ദ്ര സർക്കാർ നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ